TELEPHONE: **0471-2328158**
MOBILE : **8281000127**

**www.sec.kerala.gov.in**

Email:
**pro2025sec@gmail.com**
**cru.sec@kerala.gov.in**
**electionker@gmail.com**

വോട്ടിനായി പേര് ചേർത്തിടാം
നാടിനായി വോട്ട് ചെയ്തിടാം

# വാർത്താക്കുറിപ്പ്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**03 December 2025**

## സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രവർത്തനം രാജ്യത്തിനാകെ മാതൃക : മുൻ ചീഫ് സെക്രട്ടറി എസ് എം വിജയാനന്ദ്

ഭരണഘടനാബാധ്യതകൾ നിറവേറ്റുന്ന കാര്യത്തിൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ രാജ്യത്തിനാകെ മാതൃകയാണെന്ന് മുൻ ചീഫ് സെക്രട്ടറി എസ് എം വിജയാനന്ദ് പറഞ്ഞു. കമ്മീഷൻ ആസ്ഥാനത്ത് നടന്ന 32 –മത് സ്ഥാപക ദിനാഘോഷചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

സമയബന്ധിതമായി തദ്ദേശ തിരഞ്ഞെടുപ്പ് നടത്തുക, സുതാര്യമായ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പാലിക്കുക, വോട്ടർപട്ടിക കൃത്യമായി പരിഷ്കരിക്കുക, തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ രാജ്യത്തെ മറ്റ് തിരഞ്ഞെടുപ്പ് കമ്മീഷനുകൾക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മാതൃകയാണ്.

തദ്ദേശസ്ഥാപനതലത്തിൽ കൂറുമാറ്റനിരോധന നിയമം നടപ്പാക്കിയ സംസ്ഥാനമാണ് കേരളം. തദ്ദേശസ്ഥാപനങ്ങളുടെ അധ്യക്ഷന്മാർക്കെതിരെയുള്ള അവിശ്വാസപ്രമേയം പാസാകുമ്പോൾ തന്നെ അത് പ്രാബല്യത്തിലാകുന്നവിധം നിയമവ്യവസ്ഥയുണ്ടായി. തദ്ദേശസ്ഥാപനങ്ങളുടെയും അവയുടെ നിയോജക മണ്ഡലങ്ങളുടെയും പുനർവിഭജനത്തിന് സ്വതന്ത്ര സംവിധാനമായ ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ച സംസ്ഥാനമാണ് കേരളം. കേരളം തദ്ദേശസ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും പ്രവർത്തനസ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. ആയതിനാൽ സംസ്ഥാനത്തെ തിരഞ്ഞെടുക്കപ്പെട്ട തദ്ദേശസ്ഥാപന അംഗങ്ങളുടെ ഉത്തരവാദിത്വം വളരെ വലുതാണെന്ന് എസ് എം വിജയാനന്ദ് അഭിപ്രായപ്പെട്ടു.

ഭരണഘടനാ വ്യവസ്ഥകൾ പാലിച്ച് തിരഞ്ഞെടുപ്പ് സുതാര്യമായി നടത്താൻ കമ്മീഷൻ പ്രതിജ്ഞാബദ്ധമാണെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. 1993 ഡിസംബർ 3 ന് നിലവിൽ വന്ന കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ 32 വർഷം പൂർത്തിയാക്കിയിരിക്കുകയാണ്. 1995 മുതൽ അഞ്ചു വർഷക്കാലം കൂടുമ്പോൾ കൃത്യമായ ഇടവേളകളിൽ എല്ലാ തദ്ദേശസ്ഥാപനങ്ങളിലേക്കും ഒന്നിച്ച് തിരഞ്ഞെടുപ്പ് നടത്തുന്ന സംസ്ഥാനമാണ് കേരളമെന്നും കമ്മീഷണർ പറഞ്ഞു. ഇതു കൂടാതെ ആകസ്മികമായി ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് ഉപതിരഞ്ഞെടുപ്പുകളും കൃത്യമായി നടത്തി ഒഴിവുകൾ നികത്തുന്നുമുണ്ട്.

തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് നടന്ന ചടങ്ങിൽ കമ്മീഷൻ സെക്രട്ടറി ബി എസ് പ്രകാശ് സ്വാഗതവും ജോയിന്റ് സെക്രട്ടറി അനിൽ ജോണി നന്ദിയും അറിയിച്ചു.

**(എസ്.ഇ.സി 93/ 2025)**



സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപക ദിനാഘോഷം മുൻ ചീഫ് സെക്രട്ടറി എസ് എം വിജയാനന്ദ് ഉദ്ഘാടനം ചെയ്യുന്നു.

**ഇടമലക്കുടിയിൽ 1803 വോട്ടർമാരും 41 സ്ഥാനാർത്ഥികളും**

സംസ്ഥാനത്തെ ഏക പട്ടികവർഗ്ഗ ഗ്രാമപഞ്ചായത്തായ ഇടമലക്കുടിയിൽ ഈ പൊതുതിരഞ്ഞെടുപ്പിലുള്ളത് ആകെ 1803 വോട്ടർമാരും 41 സ്ഥാനാർത്ഥികളും. ഡീലിമിറ്റേഷനു ശേഷം രൂപീകരിച്ച കവക്കാട്ടുകുടി വാർഡ് കൂടി ചേർത്ത് ഇപ്പോൾ 14 വാർഡുകളാണ് ഇടുക്കി ജില്ലയിലെ ഇടമലക്കുടി പഞ്ചായത്തിലുള്ളത്. 14 വാർഡുകളും പട്ടികവർഗ്ഗ വിഭാഗത്തിന് സംവരണം ചെയ്തിട്ടുള്ളതാണ്.

893 സ്ത്രീവോട്ടർമാരും 910 പുരുഷ വോട്ടർമാരുമാണുള്ളത്. 20 സ്ത്രീകളും 21 പുരുഷന്മാരുമാണ് മത്സരിക്കുന്നത്. മീൻകുത്തികുടി, നൂറാടികുടി, പരപ്പയാർകുടി, തെക്കേഇഡലിപ്പാറകുടി, സൊസൈറ്റികുടി, അമ്പലപ്പടികുടി, കവക്കാട്ടുകുടി എന്നീ വാർഡുകൾ വനിതാ സംവരണമാണ്. 14 പോളിംഗ് ബൂത്തുകളിലേയ്ക്കും കൂടി ഏകദേശം 56 പോളിംഗ് ഉദ്യോഗസ്ഥരെയാണ് നിയോഗിക്കുന്നത്.

മൂന്നാർ ഗ്രാമപഞ്ചായത്തിലെ ഒരു വാർഡാണ് 2010 ൽ ഇടമലക്കുടി ഗ്രാമപഞ്ചായത്തായി രൂപീകരിച്ചത്. 2010 മുതൽ ഇവിടെ തിരഞ്ഞെടുപ്പ് നടക്കുന്നുണ്ട്. കിലോമീറ്ററുകളോളം നടന്നു വേണം പോളിംഗ് സാമഗ്രികളുമായി ഉദ്യോഗസ്ഥർക്ക് പോളിങ് സ്റ്റേഷനുകളിലെത്താൻ.

ഇടമലക്കുടിയിലെ പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഏഴ് സെക്ടറൽ അസിസ്റ്റന്റുമാരെ നിയോഗിക്കും. സുഗമവും സുരക്ഷിതവുമായ വോട്ടെടുപ്പിന് പോളിംഗ് ബൂത്തിൽ താല്ക്കാലിക ഫെൻസിംഗ്, വനംവകുപ്പിലെ ആർ ആർ റ്റിയുടെ സേവനം എന്നിവ ഉറപ്പുവരുത്തും.

| തദ്ദേശ തിരഞ്ഞെടുപ്പ് 2025 [ ഇടമലക്കുടി ] | | | | | | |
|---|---|---|---|---|---|---|
| സ്ഥാനാർത്ഥികൾ | | | | വോട്ടർപട്ടിക | | |
| **വാർഡ്** | സ്ത്രീ | പുരുഷൻ | ആകെ | സ്ത്രീ | പുരുഷൻ | ആകെ |
| മീൻകുത്തികുടി | 3 | 0 | 3 | 57 | 76 | 133 |
| നെൻമണൽകുടി | 0 | 3 | 3 | 67 | 75 | 142 |
| മുളകുതറകുടി | 0 | 3 | 3 | 76 | 71 | 147 |
| കീഴ്പതാംകുടി | 0 | 3 | 3 | 46 | 41 | 87 |
| ഷെഡ്കുടി | 0 | 3 | 3 | 85 | 81 | 166 |
| നൂറാടികുടി | 3 | 0 | 3 | 59 | 67 | 126 |
| പരപ്പയാർകുടി | 2 | 0 | 2 | 89 | 79 | 168 |
| തെൻപാറകുടി | 0 | 3 | 3 | 57 | 55 | 112 |
| വടക്കേ ഇഡലിപാറകുടി | 0 | 3 | 3 | 61 | 59 | 120 |
| തെക്കെ ഇഡലിപാറകുടി | 3 | 0 | 3 | 64 | 71 | 135 |
| ആണ്ടവൻകുടി | 0 | 3 | 3 | 66 | 75 | 141 |
| സൊസൈറ്റികുടി | 3 | 0 | 3 | 67 | 63 | 130 |
| അമ്പലപ്പടികുടി | 3 | 0 | 3 | 42 | 44 | 86 |
| കവക്കാട്ടുകുടി | 3 | 0 | 3 | 57 | 53 | 110 |
| **ആകെ** | **20** | **21** | **41** | **893** | **910** | **1803** |

**(എസ്.ഇ.സി 94/ 2025)**

ഫോട്ടോ ക്യാപ്ഷൻ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സ്ഥാപക ദിനാഘോഷം മുൻ ചീഫ് സെക്രട്ടറി എസ് എം വിജയാനന്ദ് ഉദ്ഘാടനം ചെയ്യുന്നു.

---